'Vigilance Cell' it is not intended to achieve the purpose mentioned in the G.O(P)34/97/Vig. dated 11.6.1997.

(f) It is only an administrative action and not a statutory constitution. there is no question for legal validity.

(g) The Government have appointed its nominee to head the Vigilance Cell in Local Fund Audit Department as per G.O. (Rt.)3/99/Vig. dated 4.1.1999.

(h) Director of Local Fund Audit.

(i) No.

(j) The name of Vigilance Officer was proposed by the Director of Local Fund Audit as required by Government in Vigilance Department.

(k) No.

(l) Yes.

28 (2585) പുതിയ സബ് ട്രഷറികൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സബ് ട്രഷറികൾ പുതുതായി ആരംഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പത്തനാപുരം താലൂക്കിൽപ്പെട്ട കുളത്തുപ്പുഴയിൽ ഒരു സബ് ട്രഷറി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) നിരവധി സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കുളത്തുപ്പുഴയിൽ സബ്ട്രഷറി ഇല്ലാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുളത്തുപ്പുഴയിൽ ഒരു സബ്ട്രഷറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7 സബ് ട്രഷറികൾ ആരംഭിച്ചു.

പാലക്കാട് ജില്ല

1. കുഴൽമന്ദം
2. ഷൊർണ്ണൂർ

തൃശ്ശൂർ ജില്ല

3. തൃപ്രയാർ
4. ചേലക്കര

ഇടുക്കി ജില്ല

(5) അടിമാലി

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ല

(6) ചക്കരക്കല്ല്

(7) കൊളച്ചേരി

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

29 (2586) കെ.എഫ്.സി. ബ്രാഞ്ച് തുടങ്ങാൻ നടപടി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കെ.എഫ്.സി.യുടെ എത്ര ബ്രാഞ്ചുകൾ ആണ് ഉള്ളത്;

(ബി) കൊല്ലം ജില്ലയിൽ എത്ര ബ്രാഞ്ചുകൾ ഉണ്ട്;

(സി) പുനലൂരിൽ കെ.എഫ്.സി.യുടെ ഒരു ബ്രാഞ്ച് ആരംഭിക്കണം എന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് കെ.എഫ്.സി.ക്ക് ബ്രാഞ്ച് ഇല്ല എന്ന വസ്തുത പരിഗണിച്ച് പുനലൂരിൽ കെ.എഫ്.സിയുടെ ഒരു ബ്രാഞ്ച് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 15 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒന്ന്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

30 (2587) കെ.എസ്.എഫ്.ഇ.യിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എക്സ് സർവ്വീസുകാർ എത്രപേർ ഇപ്പോൾ ജോലി ചെയ്തുവരുന്നു;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക എക്സ് സർവ്വീസുകാരെ പ്രസ്തുത തസ്തികയിൽ നിയമിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly